**രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം 695035
ഫോൺ 0471-2703456
ഇ-മെയിൽ regig.ker@nic.in
https://registration.kerala.gov.in

**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**
**(ഹാജർ : ശ്രീധന്യ സുരേഷ്. ഐ.എ.എസ്.)**

---

ഉത്തരവ് നമ്പർ : IGR/2732/2025-E1 തീയതി, തിരുവനന്തപുരം, 20-05-2025

---

വിഷയം :- രജിസ്ട്രേഷൻ വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പൊതുസ്ഥലം മാറ്റം/സ്ഥാനക്കയറ്റം/നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29.06.2022-ലെ ഇ4/6376/2021 നമ്പർ ഉത്തരവ്
2) 16.08.2022 തീയതിയിലെ ഇ2/107/2022/നി.വ. നമ്പർ സർക്കാർ കത്ത്
3) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 27.03.2025, 21.04.2025 എന്നീ തീയതികളിലെ IGR/998/2025-E1 നമ്പർ സർക്കുലറുകൾ
4) 29.04.2025 തീയതിയിലെ ഇ2/62/2025- ടാക്സസ് നമ്പർ സർക്കാർ കത്ത്
5) വിവിധ ജില്ലാ രജിസ്ട്രാർ (ജനറൽ) മാർ മുഖേന ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങൾ
6) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 19.05.2025 തീയതിയിലെ IGR/2715/2025-E1 നമ്പർ ഉത്തരവ്

**ഉത്തരവ്**

**I.ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ താഴെ പറയുന്ന പൊതുസ്ഥലം മാറ്റം/ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു**

രജിസ്ട്രേഷൻ വകുപ്പിൽ 2025 വർഷം ഓൺലൈൻ സ്ഥലം മാറ്റം നടത്തുന്നതിന്റെ ഭാഗമായി ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ സ്പാർക്ക് തയ്യാറാക്കിയ കരട് സ്ഥലമാറ്റപ്പട്ടിക പരാമർശം (3) ലെ 21.04.2025 തീയതിയിലെ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിൻമേൽ പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപ്പീലുകളും ഓപ്ഷനുകളും പരിശോധിച്ച് , ജൂനിയർ സൂപ്രണ്ട് തസ്തികയിൽ , താഴെ ഒന്നാം നമ്പർ പട്ടികയിൽ പരാമർശിക്കുന്ന സ്ഥലം മാറ്റം/നിയമനം നടത്തിയും

സബ് രജിസ്ട്രാർ തസ്തികയിലേക്ക് പരാമർശം (6) ഉത്തരവ് പ്രകാരം നൽകിയ സ്ഥാനക്കയറ്റത്തെ തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് പരാമർശം (1) സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡ് ക്ലർക്ക് തസ്തികയിലെ സീനിയർമോസ്റ്റ് ജീവനക്കാരന് , താഴെ രണ്ടാം നമ്പർ പട്ടികയിൽ പ്രതിപാദിക്കുന്ന പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടിക -I**

| ക്രമ നമ്പർ | പേര് /പെൻ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലം മാറ്റി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ജയരാജ് കെ ആർ (385982) | ജില്ലാ രജിസ്ട്രാർ ഓഫീസ്, കാസർഗോഡ് | സബ് രജിസ്ട്രാർ ഓഫീസ്, കോട്ടയം അഡീഷണൽ |
| 2 | മഞ്ജുള എസ് (397164) | സബ് രജിസ്ട്രാർ ഓഫീസ്, കോതമംഗലം | സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം |
| 3. | അനന്തകൃഷ്ണൻ പി (397123) | ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, തൃശ്ശൂർ | സബ് രജിസ്ട്രാർ ഓഫീസ്, കോതമംഗലം |
| 4 | സന്ധ്യ വി യു (386049) | ഡി.ഐ.ജി. (ദക്ഷിണ മദ്ധ്യ മേഖല) ഓഫീസ്, എറണാകുളം | സബ് രജിസ്ട്രാർ ഓഫീസ്, രാമപുരം |
| 5. | ബിജു വി റ്റി (397486) | ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്, മലപ്പുറം | ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, തൃശ്ശൂർ |
| 6 | ഹാരിഫ് കെ (386985) | സബ് രജിസ്ട്രാർ ഓഫീസ്, കോട്ടയം അഡീഷണൽ | ഡി.ഐ.ജി.(ഉത്തരമേഖല) ഓഫീസ്, കോഴിക്കോട് |
| 7 | റോഷൻ കെ (385837) | സബ് രജിസ്ട്രാർ ഓഫീസ്, കായംകുളം | ഡി.ഐ.ജി. (ദക്ഷിണ മദ്ധ്യ മേഖല) ഓഫീസ്, എറണാകുളം |
| 8 | ഉണ്ണികൃഷ്ണൻ ജി.എസ്. (397177) | സബ് രജിസ്ട്രാർ ഓഫിസ് , രാമപുരം | സബ് രജിസ്ട്രാർ ഓഫീസ്, കായംകുളം |
| 9 | ഹിത റ്റി സി (397906) | ഡി.ഐ.ജി. (ഉത്തരമേഖല) ഓഫീസ്, കോഴിക്കോട് | ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്, മലപ്പുറം |

മേൽപ്രകാരമുള്ള സ്ഥലം മാറ്റങ്ങളിൽ ക്രമ നമ്പർ (6), (8)എന്നിവ ഭരണപരമായ സൗകര്യം മുൻനിർത്തിയും ക്രമ നമ്പർ (9) പരാമർശം (2), (4) എന്നിവ പ്രകാരവും ശേഷിക്കുന്നവ അപേക്ഷ പ്രകാരവുമാണ്.മേൽപ്പറഞ്ഞ സ്ഥലം മാറ്റങ്ങളിൽ പരാതിയുള്ള പക്ഷം ,നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ ഉചിത മാർഗ്ഗേണ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**II.ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ₹43400-₹91200 ശമ്പള സ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ താഴെ പറയുന്ന സ്ഥാനക്കയറ്റം /നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**പട്ടിക -II**

| ക്രമ നമ്പർ | പേര്/പെൻ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ധന്യ കെ (പെൻ 386986) | സബ് രജിസ്ട്രാർ ഓഫീസ്, എടവണ്ണ | ജില്ലാ രജിസ്ട്രാർ ഓഫീസ്, കാസർഗോഡ് |

| | | | |
|---|---|---|---|

സ്ഥലം മാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ, പകരം ക്രമീകരണം ഏർപ്പെടുത്തിയ ശേഷം , ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർ ജനറൽമാർ / ഓഫീസ് മേധാവിമാർ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാർ യഥാസമയം പുതിയ ലാവണങ്ങളിൽ ചുമതലയിൽ പ്രവേശിക്കേണ്ടതുമാണ്. വൈകി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ സ്റ്റേഷൻ സീനിയോരിറ്റിയെ പ്രസ്തുത കാലതാമസം ബാധിക്കുന്നതാണ്. വിടുതൽ, പ്രവേശന തീയതികൾ ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർ (ജനറൽ)മാർ സമയബന്ധിതമായി ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Sreedhanya Suresh
Date: 20-05-2025 14:30:12

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർ(ജില്ലാ രജിസ്ട്രാർ (ജനറൽ) മുമ്പാകെ)

പകർപ്പ്

1. രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
2. എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും
3. എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ / ഓഡിറ്റ്)മാർക്കും
4.എല്ലാ സബ് രജിസ്ട്രാർ/ചിട്ടി ഓഡിറ്റർ/ചിട്ടി ഇൻസ്പെക്ടർ മാർക്കും
5. ഐ.ടി. സെക്ഷൻ (വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഫയൽ/സ്റ്റോക്ക് ഫയൽ